" ഭരണഭാഷ മാതൃഭാഷ "

നം. എഫ് 2 / 25575 / 2017

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 15-03-2018

**സർക്കുലർ നം. 10 / 2018**

വിഷയം: ട്രഷറി സ്ഥിര നിക്ഷേപം - പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ - 'ലീൻ' മാറ്റി നൽകുന്നത് - സംബന്ധിച്ച്

സൂചന: ജി.ഒ(പി) നം. 138/2003/ധന തീയതി 05-03-2003

ട്രഷറി ധനസമാഹരണത്തിന്റെ ഭാഗമായി, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെയും, ബോർഡുകളുടെയും പേരിൽ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള സ്ഥിര നിക്ഷേപങ്ങളുടെ ഈടിന്മേൽ, ബാങ്കുകളിൽ നിന്നും ലോൺ അനുവദിച്ചു കിട്ടുന്നതിന്, പൊതുമേഖലാ സ്ഥാപനങ്ങൾ / ബോർഡുകൾ അപേക്ഷിക്കുന്ന മുറയ്ക്ക്, ലോൺ അനുവദിക്കുന്ന ബാങ്കിന്റെ പേർക്ക് പ്രസ്തുത നിക്ഷേപങ്ങളുടെ ലീൻ മാറ്റി നൽകേണ്ടതാണ്.
ആയതിന്മേൽ താഴെപ്പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1) സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റിന്മേൽ ലീൻ (lien) രേഖപ്പെടുത്തി നൽകേണ്ടതാണ്
2) 'Pledge' വിവരങ്ങൾ CORE TSB-യിൽ രേഖപ്പെടുത്തേണ്ടതാണ്.
3) സ്ഥിര നിക്ഷേപം നടത്തുന്ന സ്ഥാപനങ്ങളുടെയും, 'Pledge' ചെയ്യപ്പെടുന്ന ബാങ്കിന്റെയും വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ ട്രഷറികളിൽ സൂക്ഷിക്കേണ്ടതാണ്.

**എ.എം. ജാഫർ**
**ട്രഷറി ഡയറക്ടർ**

സ്വീകർത്താവ്

എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരും / എല്ലാ ജില്ലാ ട്രഷറി ഓഫീസർമാരും / എല്ലാ സബ് ട്രഷറി ഓഫീസർമാരും

പകർപ്പ് : ഡയറക്ടറുടെ സി.എ/ജോയിന്റ് ഡയറക്ടർ /ഡെപ്യൂട്ടി ഡയറക്ടർ(എച്ച്.ക്യു) / അസി.ഡയറക്ടർ / സീനിയർ സൂപ്രണ്ട് (എച്ച്) / ഓഫീസ് കോപ്പി

||ഉത്തരവിൻ പ്രകാരം||

||സീനിയർ സൂപ്രണ്ട്||

a